LIBRARY ARCHIVES Kerala Legislative Assembly

വണ്ണാത്തിക്കടവ് പാലം

256 (1300) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഡിസൈൻ നടപടികൾ പൂർത്തിയാക്കി ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിൽ കല്യാശ്ശേരിനിയമസഭാമണ്ഡലത്തിലെ നിർദ്ദിഷ്ട വണ്ണാത്തിക്കടവ് പാലം നിർമ്മാണത്തിനാവശ്യമായ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെ നിർമ്മാണം

257 (1301) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടിയിലെ ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് 24-9-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂർ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള റോഡിൽ ചേർക്കുവാൻ തക്കവണ്ണം അലൈൻമെന്റ് പുനക്രമീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

(ബി) ഈ അലൈൻമെന്റ് പുനഃക്രമീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നിർദ്ദിഷ്ട പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും വിശദമായ സ്ഥലവില ഉൾപ്പെടെയുള്ള പ്രോജക്ട് റിപ്പോർട്ട് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്നും പുതുക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ ; പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണത്തിനായി കാലടി ഭാഗത്തും പെരുമ്പാവൂർ ഭാഗത്തും ആവശ്യമായ ഭൂമി ഡയറക്ട് പർച്ചേസ് വഴി ഉടൻ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭായോഗത്തിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ ;